(ബി) പണി പൂർത്തിയായ വിപണികൾ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(സി) കാർഷിക വിളകളുടെ മൊത്ത വ്യാപാര വിപണികൾക്ക് വേണ്ടി മൊത്തം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, മരട് എന്നീ മൊത്ത വ്യാപാര വിപണികളുടെ നിർമ്മാണം പൂർത്തികരിച്ച് കൃഷി വകുപ്പ് ഡയറക്ടർക്ക് പ്രവർത്തനം ആരംഭിക്കുവാൻ കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി എന്നീ മൊത്ത വ്യാപാര വിപണികളിൽ ഇലക്ട്രിക് കണക്ഷനെ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ഈ വിപണികൾ കൃഷി ഡയറക്ടർക്ക് കൈമാറിയിട്ടില്ല.

(ബി) കൃഷി വകുപ്പ് ഡയറക്ടർക്ക് കൈമാറിയ 4 മൊത്ത വ്യാപാര വിപണികളിൽ മൂവാറ്റുപുഴ വിപണി ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു വിപണികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(സി) 66.79 കോടി രൂപ വിപണികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

യു. എസ്. എ.യിലേക്കുള്ള ഭക്ഷ്യകയറ്റുമതി

65 (4104) ശ്രീ. എ. സുജനപാൽ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. എസ്. എ. യുടെ പുതുക്കിയ ഇറക്കുമതി നയം അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ച് മുൻകൂട്ടിയുള്ള വിവരം നൽകിയാണ് ഭക്ഷ്യോല്പന്നങ്ങളുടെ കയറ്റുമതിക്ക് ലൈസൻസ് എടുക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നയം സംസ്ഥാനത്തു നിന്ന് അവിടേയ്ക്ക് നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ കയറ്റുമതിയെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്തിന് എന്ത് തുകയ്ക്കുള്ള ഭക്ഷ്യവസ്തുക്കളാണ് യു. എസ്. എ. യിലേക്ക് കയറ്റി അയയ്ക്കുന്നത് ;

(ഡി) എന്തെല്ലാം ഭക്ഷ്യവസ്തുക്കളാണ് ഇപ്പോൾ യു. എസ്. എ. യിലേയ്ക്ക് അയയ്ക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആധികാരികമായ വിവരങ്ങൾ ലഭിച്ചിട്ടില്ല.

(സി) കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

(ഡി) സംസ്ഥാനത്ത് നിന്നും യു. എസ്. എ. ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് താഴെപ്പറയുന്ന കാർഷികോല്പന്നങ്ങളായ ഭക്ഷ്യവസ്തുക്കൾ കയറ്റി അയയ്ക്കുന്നുണ്ട്.

1. തേയില
2. കാപ്പി
3. കുരുമുളക്
4. ഇഞ്ചി
5. മഞ്ഞൾ
6. കറിപൗഡറുകൾ
7. കശുവണ്ടി
8. സുഗന്ധവ്യജ്ഞന എണ്ണ
9. ഏലം, ചുക്ക്, ഗ്രാംപു
10. പച്ചക്കറികൾ
11. പഴവർഗ്ഗങ്ങൾ
12. അച്ചാറുകൾ
13. പലഹാരങ്ങൾ
14. നാളികേര ഉല്പന്നങ്ങൾ

"റബ്ബർ തടി കയറ്റി അയയ്ക്കുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം"

66 (4105) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മോഹൻകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്ന് റബ്ബർ തടി കയറ്റി അയയ്ക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly